## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1642

11.02.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം. എ. വാഹീദ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമവകുപ്പ് രൂപവത്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. 01.01.2011 ലെ സ.ഉ(പി) നം. 2/2011/ പൊ.ഭ.വ പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള കോച്ചിംഗ് സെന്ററുകൾ, മദ്രസ്സാധ്യാപക ക്ഷേമനിധി ഓഫീസ്, ജില്ലാ കളക്ടറേറ്റുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ന്യൂനപക്ഷ സെല്ലുകൾ എന്നീ സ്ഥാപനങ്ങളും അവയിലെ ജീവനക്കാരും ഉൾപ്പെടുന്നു. |
| (ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടത്തുന്ന ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനവും, മേൽനോട്ടവും, ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണ പ്രവർത്തനങ്ങളും പ്രോജക്ടുകളും ഏറ്റെടുത്ത് നടപ്പിലാക്കുകയുമാണ് വകുപ്പിന്റെ പ്രധാന ചുമതല/ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീമുകൾ, മദ്രസ്സാധ്യാപക ക്ഷേമനിധി പെൻഷൻ സ്കീം, വയനാട് ജില്ലയിൽ നടപ്പാക്കി വരുന്ന ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാൻ, തീരദേശ സർക്കാർ സ്കൂളുകളിലെ പെൺകുട്ടികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം, ന്യൂനപക്ഷ പദ്ധതികളുടെ പ്രചരണത്തിനായി സംസ്ഥാനത്തുടനീളം |

ആയിരം പ്രമോട്ടർമാരുടെ നിയമനവും 250 ബോധവൽക്കരണ ക്യാമ്പുകളും, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 12 വയസ്സ് മുതൽ 20 വയസ്സ് വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിൽ വ്യക്തിത്വ വികസന ക്യാമ്പുകൾ (ഒരു ക്യാമ്പിൽ 150 വിദ്യാർത്ഥികൾക്ക് പ്രവേശനം), എല്ലാ ജില്ലകളിലെയും ബി.പി.എൽ വിഭാഗത്തിലെ നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠന മേശ- കസേര വിതരണം, വനിതാ സ്വയംസഹായസംഘങ്ങൾക്കുള്ള ധന സഹായം, ന്യൂനപക്ഷ വിഭാഗത്തിലെ വിവാഹ മോചിതരും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട നിരാലംബരായ സ്ത്രീകൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി (രണ്ട് ലക്ഷം രൂപ), സൈനിക / അർദ്ധ സൈനിക,പോലീസ് എന്നീ വിഭാഗങ്ങളിലെ വിവധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതി നായുള്ള പരിശീലനം എന്നീ പദ്ധതികളും വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി) | ന്യൂനപക്ഷസമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന ത്തുടനീളം ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുകയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഉണ്ട്. 13-ാം നിയമസഭയുടെ 7- ാം സമ്മേളനത്തിൽ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ജില്ലകൾ തോറും ജില്ലാ ക്ഷേമ ഓഫീസുകളും പ്രോജക്റ്റ് ഓഫീസുകളും തുറക്കാനുള്ള നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ